**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **23-07-2021 - ൽ മറുപടിയ്ക്ക്**

**കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിൽ കുരികുളം ഭൂതത്താൻ കെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നേഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, സർക്കാർ ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യസ്പോൺ എടുത്ത് വളർത്തി ഫിങ്കർലിങ്ക്സ് (4 സെ.മീ) വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. നാളിതുവരെ ആകെ 43.21 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപന നടത്തിയിട്ടുണ്ട്. കൂടാതെ നടപ്പുസാമ്പത്തികവർഷം 10ലക്ഷം മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനം നടന്നു വരുന്നു. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് ഹാച്ചറിയിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | കോതമംഗലം മണ്ഡലത്തിൽ കുരികുളം ഭൂതത്താൻ കെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നേഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, സർക്കാർ ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യസ്പോൺ എടുത്ത് വളർത്തി ഫിങ്കർലിങ്ക്സ് (4 സെ.മീ) വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. നാളിതുവരെ ആകെ 43.21 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപന നടത്തിയിട്ടുണ്ട്. കൂടാതെ നടപ്പുസാമ്പത്തികവർഷം 10ലക്ഷം മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനം നടന്നു വരുന്നു. |
| (സി) | ഹാച്ചറിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | ഹാച്ചറിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ആർ.ഐ.ഡി.എഫ് ട്രാഞ്ചേ XXV -ൽ ഉൾപ്പെടുത്തി 1120 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്തവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ഡി) | ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഓവർഹെഡ് വാട്ടർ ടാങ്ക്, 2 ബ്രൂഡ് സ്റ്റോക്ക് കുളങ്ങൾ, 27 റിയറിംഗ് കുളങ്ങൾ, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, ചുറ്റുമതിൽ, അപ്രോച്ച് റോഡ്, സി.സി.ടി.വി, ഹൈമാസ്റ്റ് ലൈറ്റ്, ഇലക്ട്രിഫി ക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരി ക്കുന്നത്. ടി പദ്ധതിയുടെ സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കലും മണ്ണ് പരിശോധനയും പൂർത്തീകരിച്ചിട്ടുണ്ട്. ഹാച്ചറിയുടെ ഡിസൈനിംഗ് വർക്ക് നടന്നുവരുന്നു. രണ്ടാംഘട്ട പ്രോജക്ടിന് സാങ്കേതിക അനുമതി ലഭിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ; | (ഇ) | നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജന പ്പെടുത്തി മത്സ്യോൽപാദനവും വിപണനവും നടന്നു വരുന്നു. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾക്ക് ശേഷം 12 മാസം കൊണ്ട് നിർമ്മാണപ്രവർത്ത നങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണ തോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതിനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്. |
| (എഫ്) | മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോല്പാദനത്തിന് എന്നത്തേക്ക് സജ്ജമാക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ? | (എഫ്) | നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജന പ്പെടുത്തി മത്സ്യോൽപാദനവും വിപണനവും നടന്നു വരുന്നു. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾക്ക് ശേഷം 12 മാസം കൊണ്ട് നിർമ്മാണപ്രവർത്ത നങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണ തോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതിനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ